**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1971** **12-09-2023 - ൽ മറുപടിയ്ക്ക്**

**അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ ശോചനീയാവസ്ഥ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടുത്തിയിട്ടും നാളിതുവരെ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി 16/2/2023 തീയതിയായി 4,34,32,197/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് 10.3.2023 തീയതിയായി പ്രസിദ്ധീകരിച്ച് ടെണ്ടർ നടപടി പൂർത്തീകരിച്ച് L1 അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | നിലവിലെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് കെ.എസ്.ആർ.ടി.സി എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയത് ; എന്നാണ് നൽകിയത് ; പ്രവൃത്തി ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; കരാർ എടുത്തത് ആരാണ് ; പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം എന്നിവ വ്യക്തമാക്കാമോ; | (ബി) | 16/02/2023 തീയതിയിൽ 4,34,32,197/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിരുന്നു. M/s. ശാന്തി കൺസ്ട്രക്ഷൻസ് 10/07/2023-ന് ലെറ്റർ ഓഫ് അവാർഡ് (LOA) നൽകിയതിന് ശേഷം 21 ദിവസത്തിനകം Performance ഗ്യാരന്റി നൽകി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി തുടങ്ങേണ്ടതായിരുന്നു. എന്നാൽ കോൺട്രാക്ടർ പ്രവൃത്തി തുടങ്ങുന്നതിന് വിസ്സമതിച്ചതിനാൽ കോൺട്രാക്ടർക്ക് 03-8-2023-ന് ടെർമിനേഷൻ നോട്ടീസ് നൽകിയിരിക്കുകയാണ്. |
| (സി) | പ്രസ്തുത ഡിപ്പോയുടെ പുനരുദ്ധാരണ പ്രവൃത്തികൾ എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ; വിശദാംശം ലഭ്യമാക്കാമോ? | (സി) | വീണ്ടും ദർഘാസ് ക്ഷണിച്ച് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ